# കേരള സർവകലാശാല

(സംഗ്രഹം)

പങ്കാളിത്ത പെൻഷൻ പദ്ധതി സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ളവർ ഓപ്ഷൻ ഫോം സമർപ്പിക്കുന്നതിലെ കാലതാമസം ഇളവ് വരുത്തുന്നത് സംബന്ധിച്ച് കോടതി വിധിയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് കേരളസർവ്വകലാശാലയിൽ നടപ്പാക്കികൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭരണവിഭാഗം എ ഡി . എ III വകുപ്പ്**

നം . എ ഡി . എ III/2/സ.ഉ 142/ 2018 തിരുവനന്തപുരം, തീയതി 27.10.2018

പരാമർശം : 1.യു .ഒ. നം. എ.ഡി.എ III/2/സ.ഉ 7/2018 തീയതി,18/07/2018
2.സ .ഉ (പി) നം.142/2018/ധന, തീയതി, 10/09/2018
3.ധനകാര്യവകുപ്പിന്റെ(III) 28.09.2018- ലെ FOS 2691 നം. പ്രാമാണീകരണം

## ഉത്തരവ്

01.04.2013 ന് മുൻപ് സംസ്ഥാനത്തെ സർക്കാർ വകുപ്പിൽ ഏതെങ്കിലും തസ്തികയിൽ നിയമിക്കപ്പെടുകയും തുടർന്ന് 01.04.2013 ന് ശേഷം മറ്റൊരു വകുപ്പിൽ നിയമനം ലഭിക്കുകയും ചെയ്യുന്ന ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യം അനുവദിച്ചിട്ടുള്ളതാണ്. പ്രസ്തുത ആനുകൂല്യത്തിന് അർഹതയുള്ള ജീവനക്കാർ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരുന്നതിനായി നിയമനാധികാരിക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ ഓപ്ഷൻ ഫോം സമർപ്പിക്കുകയും വേണം.

പ്രസ്തുത ജീവനക്കാർ നാളിതുവരെയും ഓപ്ഷൻ ഫോം സമർപ്പിക്കാത്തവരോ സമയ പരിധിയായ 3 മാസത്തിനകം ഓപ്ഷൻ ഫോം സമർപ്പിക്കാൻ സാധിക്കാതെ വന്നവരോ ആണെങ്കിൽ 2018 നവംബർ 30 - നകം നിയമനാധികാരിക്ക് മുൻപാകെ ഓപ്ഷൻ ഫോം സമർപ്പിക്കേണ്ടതും നിയമനാധികാരി ആയതു പരിശോധിച്ച് ജീവനക്കാരന് ബാധകമായിട്ടുള്ള പെൻഷൻ പദ്ധതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും സേവനപുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും ഉത്തരവിന്റെ പകർപ്പും ഓപ്ഷൻ ഫോമും സേവനപുസ്തകത്തിൽ പതിക്കേണ്ടതുമാണ് .

2018 നവംബർ 30-ന് മുൻപായി ഓപ്ഷൻ ഫോം സമർപ്പിക്കാത്ത ജീവനക്കാർക്ക് യാതൊരു കാരണവശാലും ഇനിയൊരു അവസരം നൽകുന്നതല്ല. മേൽ നടപടിക്രമങ്ങൾ പാലിക്കാത്ത ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. 2018 നവംബർ 30-ന് ശേഷം മറ്റൊരു തസ്തികയിൽ നിയമനം ലഭിക്കുന്ന, മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ളതുമായ ജീവനക്കാരും, ഈ ഉത്തരവ് തീയതിക്ക് ശേഷമുള്ള ഓരോ നിയമന സമയത്തും ജോലിയിൽ പ്രവേശിക്കുന്നവരും, പ്രസ്തുത മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ളവരാണോ എന്ന കാര്യം നിയമനാധികാരി വിശദമായി പരിശോധിക്കേണ്ടതും, നിയമനാധികാരികൾ ഇക്കാര്യങ്ങൾ പാലിക്കുന്നുണ്ടെന്ന് വകുപ്പ് മേധാവികൾ ഉറപ്പ വരുത്തേണ്ടതുമാണ്. ഈ ഉത്തരവ് തീയതിക്ക് ശേഷവും ഓപ്ഷൻ ഫോം സമർപ്പിക്കാതിരിക്കുകയോ സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തുകയോ ചെയ്യുന്ന ടി ജീവനക്കാർക്ക് ഇനിയൊരവസരം നൽകുന്നതല്ല. അല്ലാത്ത പക്ഷം അവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാനുള്ള അർഹത എന്നെന്നേക്കുമായി നഷ്ടപ്പെടുന്നതായിരിക്കും.

(മറുപുറം)

ഇത്തരത്തിൽ സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ സമയപരിധിക്കുള്ളിൽ ഓപ്ഷൻ ഫോം സമർപ്പിച്ചിട്ടില്ലാത്ത ജീവനക്കാർക്ക് **പരാമർശം (2)** പ്രകാരമുള്ള സർക്കാർ നടപടികൾ പാലിച്ചുകൊണ്ട് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാം എന്ന് സർക്കാർ ഉത്തരവായിരിക്കുന്നു.

മേൽപരാമർശിച്ച സർക്കാർ ഉത്തരവ് കേരളസർവ്വകലാശാലയിൽ നടപ്പിലാക്കിക്കൊണ്ടുള്ള വൈസ് - ചാൻസിലറുടെ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ് /-**

**ഷീല ജോർജ്ജ് .എ**

ഡെപ്യൂട്ടി രജിസ്ട്രാർ ഭരണവിഭാഗം (I)

(രജിസ്ട്രാർക്കു വേണ്ടി)

**പകർപ്പ് :**

1. പി .എസ്. ടു. വൈസ് - ചാൻസിലർ
2. . പി .എ ടു രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ
3. ജോയിന്റ് രജിസ്ട്രാർ (അഡ്മിനിസ്ട്രേഷൻ )
4. എ.ഡി.ഇ സെക്ഷൻ/അക്കൗണ്ട്സ്/ഓഡിറ്റ് സെക്ഷൻ / എൻ.പി.എസ്. സെൽ
5. സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ